**GAZETTE DATE : 30.07.2026**
**LAST DATE : 02.09.2026**

# CATEGORY NO: 087/2026

## Part II (Fishermen /Dependent of Fishermen Category)

Applications are invited online only by One Time Registration from qualified employees of the Fishermen/ Dependent of Fishermen community for appointment to the post mentioned below. Candidates who have already registered can apply through their profile.

1. **Name of concern** : **Kerala State Co-operative Federation for Fisheries Development Limited (MATSYAFED)**
2. **Name of Post** : **Store Keeper**
3. **Scale of pay** : **₹ 24,400- 55,200 /-**
4. **No of Vacancies** : **Anticipated Vacancies**

   Note:-

   i) The Notification is published for the anticipated vacancies of the above mentioned post. The vacancies reported for this post from Kerala State Co-operative Federation for Fisheries Development Limited will be filled by apportioning the same in the ratio of 5:3:2 between General Category (Part I),Fisherman/Dependent of Fisherman Category(Part II),Society Category (Part III).The vacancies for the same post if any, further reported within the period of this Rank List will also be divided in continuation of the division already made and vacancies for Fishermen/Dependent of Fishermen Category will be filled from the Ranked List published by the Commission in response to this notification. If there is shortage of candidates in the Ranked List of Fishermen/Dependent of Fishermen category, such vacancies will be filled from the Ranked List of Society Category candidates. Such passed over vacancies will not be compensated later. The rules of reservation as laid down in the General Rules 14 to 17 of part II of KS&SSR 1958 will not be followed for appointment from the list.

   ii) The Ranked list prepared and published by the Commission for the post shall remain in force for a minimum period of one year and a maximum period of three years, provided that the said Ranked list will not continue to be in force if a new Ranked list is published after the expiry of the minimum period of one year. In case no candidate is advised from the ranked list till the expiry of the period of three years, the duration of the ranked lists shall be extended for a further period of one year or till at least one candidate is advised from the list,whichever is earlier. Candidates will be advised for appointment against the aforesaid vacancies and the apportioned vacancies for the Fishermen/Dependent of Fishermen Category reported further during the period of currency of the list.

   iii) The selection in pursuance of this notification will be made on a statewide basis.

5. **Probation** : As per the Rule 184 of KCS every person appointed to the post shall from the date on which he/she joins duty be on probation for a period of two year on duty within a continuous period of three years.
6. **Method of appointment** : Direct Recruitment through the Fishermen/Dependent of Fishermen Community.
7. **Age Limit** : **18-44.** Only candidates born between 02/01/1982 and 01/01/2008 (both dates included) are eligible to apply for this post. Candidates belonging to Other Backward Community and SC/ST Community are eligible for usual age relaxation.
   (For conditions regarding the age relaxation please see Part II of the General Conditions)

| | |
|---|---|
| Note : | For concession allowed in upper age limit subject to the condition that the maximum age limit shall in no case exceed 50 years, please see Sub paras i, ii, iii, iv, vi & vii of Para (2) of the General Conditions under part II of this Notification.Relaxation of age will be allowed to all provisional employees of the twenty nine Co-operative institutions mentioned in G. O. (P) No. 41/98 dated 09.03.1998 (whether they continue in service or relieved from service) who have been appointed through the Employment Exchange to the extent of their provisional service provided they possess a minimum service of one year in the provisional appointment. The maximum period of relaxation allowed to such persons will be five years. Once they get appointment on regular basis, the concession will not be available for further appointment to any other post. The candidates who are entitled to the above concession shall note the details there of in the respective column of the application and submit certificate (original) obtained from the Head of Office or Head of Department or Appointing Authority of the Co-operative Institutions concerned, when the Commission calls for. The certificate should contain all the relevant particulars such as the post in which the applicant has/ had provisional service, the scale of pay, name of the Co-operative Institution in which he/ she has/ had worked, the date of commencement of provisional service and the date of termination of the provisional service. It should also be noted in the certificate that the applicant is not holding regular appointment under the Co-operative Institution. The original certificate thus produced will not be returned to the candidate. |
| **8. Qualifications:** | i)Applicant must be a Fisherman/ Dependent of Fishermen.<br><br>ii) Pass in S.S.L.C or its equivalent. |

***Note:*-**

i) Rule 10 (a) (ii) of Part II KS&SSR is applicable for this selection.

ii) In addition to the qualification prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to the qualification specified for the post in the Special Rules or found acceptable by the commission in cases where acceptance of equivalent qualifications is provided for in the rules, and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post,will also be accepted for the post. The copy of the Government orders declaring equivalent/higher qualifications shall be produced as and when required by the commission.

iii)The eligible employees of Fishermen/dependent of Fishermen who apply for the above post should obtain the Certificate from the Revenue officials. The revenue officials concerned will issue the dependency certificate on the basis of the certificate issued by the fisheries officer concerned stating that the person belongs to the category of fishermen. Fishermen means any person engaged mainly in fishing operations for his livelihood. Dependents means Wife, Husband, Son, Daughter, Father/Mother of deceased sons or daughters wholly dependent on fishermen. The Dependency Certificate showing the details of the applicant, which render

them eligible to apply for the post and should be uploaded in their profile and the original shall be produced when required by the Commission. **Applications that upload Dependency Certificate at the time of submission will only be considered.** The Dependency Certificate should be in the following format.

**<u>CERTIFICATE / DEPENDENCY CERTIFICATE</u>**

It is certified that the candidate, Sri/Smt.…...............................(Name & Address of Candidate) is an individual engaged in fishing for his livelihood OR he /she is the dependent Son/Daughter/Husband/Wife of....................(Name), who is an individual engaged in fishing for his livelihood OR he/she is the dependent Son/Daughter/Husband/Wife/Father/Mother of..............(Name) deceased individual engaged in fishing for his livelihood, as revealed in an enquiry made by me undersigned. (Strike off which is not applicable).

Signature
Name of Fisheries Officer

Place:
Date:

(Office Seal)

**<u>CERTIFICATE</u>**

I, the undersigned hereby certify that the above given details of candidate Sri./Smt......................... (Name & address of candidate) are true and the candidate is actually engaged in fishing for his livelihood OR he /she is the dependent Son/Daughter/Husband/Wife of....................(Name), who is an individual engaged in fishing for his livelihood OR he/she is the dependent Son/Daughter/Husband/Wife/Father/Mother of..............(Name) deceased individual engaged in fishing for his livelihood, as revealed in the enquiry made by the Fisheries Officer as given above. (Strike off which is not applicable).

Signature
Name & Designation of Revenue Officer
(Village Officer/Tahsildar)

Place:
Date:

(Office Seal)

Note :

1. Fisherman means any person engaged mainly in fishing operations for the livelihood .
2. Dependents means wife, husband, son, daughter, father/mother of deceased sons or daughters wholly dependent on fishermen.
3. The genuineness of the Certificate shall be subjected to verification and legal action will be taken against those who issue & produce bogus Certificate.

## 9. <u>Mode of submitting applications</u>

(a) Candidates must register as per **ONE TIME REGISTRATION** with the Official Website of Kerala Public Service Commission <u>www.keralapsc.gov.in</u> before applying for the post. Candidates who have registered can apply by logging on to their profile using their User- ID and password. Candidates must refrain from creating multiple profiles, non-compliance of which shall lead to forfeiture of their candidature. Candidates must click on the 'Apply Now' button of the respective posts in the Notification link to apply for a post. Name of the candidate and the date of photograph taken should be printed legibly at the bottom portion of the photograph. Candidates who create new profile should upload photograph taken within 6 months. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the

application on the profile, candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a print out or soft copy of the online application for future reference. Candidates can take the print out of the application by clicking on the link 'My Applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if non-Complaince with the notification is found in due course of processing.Original documents to prove qualification, age, Community etc. have to be produced as and when called for.

(b) If Written/OMR/Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their profiles for One Time Registration. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

(c) Candidates who have AADHAAR Card should add AADHAAR Card as I.D. proof in their profile.

10. Para 1, Sub Paras i to iv, vi, vii in Para 2, Paras 7 to 19, 22 to 30 only of General conditions regarding recruitment by KPSC are applicable to this post.

11. Address of the website to which applications are to be sent : www.keralapsc.gov.in

12. Last date for receipt of applications : **02.09.2026 Wednesday upto 12.00 midnight.**

13. **Special Instructions to the Candidates**

a) Candidates who receive a profile message at any stage of the selection process directing to them to upload documents to prove their qualifications and other claims should do so within the stipulated time, otherwise, they will not be considered for the next stage of the selection.

b) In the case of difference in Caste/Community claimed in the application and that entered in SSLC book,the candidate shall produce a Gazette Notification in this regard, along with Non Creamy Layer Certificate/Community Certificate at the time of certificate verification.

c) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions are liable to be rejected. The selection to the above concern will be subject to the rules and regulations made by them from time to time.

d) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or anyone or all of the above.

(For details including ID card, photo, please see the General Conditions given below as Part II of this Notification)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 087/2026

## പാർട്ട് II (മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ )

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡിൽ നിശ്ചിത യോഗ്യതയുള്ള മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികളിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് ഓൺലൈനിലൂടെ **ഒറ്റത്തവണ രജിസ്ട്രേഷൻ** വഴി അപേക്ഷകൾ ക്ഷണിക്കുന്നു. നിലവിൽ രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാം.

| | | | |
|---|---|---|---|
| 1. | **സ്ഥാപനം** | : | **കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡ് (മത്സ്യഫെഡ്)** |
| 2. | **ഉദ്യോഗപ്പേര്** | : | **സ്റ്റോർ കീപ്പർ** |
| 3. | **ശമ്പളം** | : | **₹ 24,400- 55,200/-** |
| 4. | **ഒഴിവുകളുടെ എണ്ണം** | : | **പ്രതീക്ഷിത ഒഴിവുകൾ.** |

**കുറിപ്പ് :**

i)മേൽപരാമർശിച്ചിരിക്കുന്ന തസ്തികയുടെ പ്രതീക്ഷിത ഒഴിവുകളിലേക്കാണ് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളത്. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡിൽ നിന്നും തുടർന്നും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 5:3:2 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ വിഭാഗത്തിൽ നിന്നും, മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ വിഭാഗത്തിൽ നിന്നും, സൊസൈറ്റി വിഭാഗത്തിൽ നിന്നും നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ വിഭാഗത്തിനുള്ളതാണ് . ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ ഇതേ തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് മത്സ്യത്തൊഴിലാളികൾ/മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ് . മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ സൊസൈറ്റിവിഭാഗം ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. 1958 ലെ കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14-17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ ഈ ലിസ്റ്റിൽ നിന്നുമുള്ള നിയമനങ്ങൾക്ക് ബാധകമല്ല.

ii) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടിക പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ തസ്തികയിലേക്ക് ഒരു പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയ്ക്ക് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. എന്നാൽ ഒരു റാങ്ക് പട്ടിക നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ പട്ടികയിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള പട്ടികയുടെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.മേൽ പരാമർശിച്ചിരിക്കുന്ന ഒഴിവിലേക്കും റാങ്ക് പട്ടിക പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിൽ, മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിനായി വിഭജിച്ച് കിട്ടുന്ന ഒഴിവുകളിലേക്കും ഈ റാങ്ക് പട്ടികയിൽ നിന്നും നിയമനം നടത്തുന്നതാണ്.

iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

| | | | |
|---|---|---|---|
| 5. | **പ്രൊബേഷൻ** | : | കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 3 വർഷത്തെ സർവ്വീസിനുള്ളിൽ 2 വർഷക്കാലം പ്രൊബേഷനിലായിരിക്കും |
| 6. | **നിയമന രീതി** | : | മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികളിൽ നിന്നും നേരിട്ടുള്ള നിയമനം. |
| 7. | **പ്രായപരിധി** | : | **18-44** ഉദ്യോഗാർത്ഥികൾ 02/01/1982 നും 01/01/2008 നും ഇടയിൽ ജനിച്ചവരായിരിക്കണം(രണ്ടു തീയതികളും ഉൾപ്പെടെ). മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർ, പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർ എന്നിവർക്ക് നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്.<br>(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട്-II പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.) |

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത് ) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ

വിജ്ഞാപനത്തിന്റെ പാർട്ട്-II-ലെ പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ i, ii, iii, iv, vi & vii എന്നീ ഉപഖണ്ഡികകൾ നോക്കുക. 09/03/1998-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98-ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് അപ്‌ലോഡ് ചെയ്തു ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ്(അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**8. യോഗ്യതകൾ** :

1)അപേക്ഷകൻ/ അപേക്ഷക മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളികളുടെ ആശ്രിതനായിരിക്കണം.

2)എസ്.എസ്.എൽ.സി ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത

**<u>കുറിപ്പ്</u> :**

**I)** Rule 10(a)(ii) of Part II, KS&SSR ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

ii) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമെ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത /ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

iii)ഈതസ്തികയിലേക്ക്അപേക്ഷിക്കുന്ന മത്സ്യത്തൊഴിലാളിമത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി തങ്ങളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ്/ഡിപ്പന്റൻസി സർട്ടിഫിക്കറ്റ് ഫിഷറീസ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിലെ അധികാരിയിൽ നിന്നുവാങ്ങി പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്.മത്സ്യത്തൊഴിലാളി എന്നർത്ഥമാക്കുന്നത് ഉപജീവനത്തിനായി മത്സ്യ ബന്ധനത്തിലേർപ്പെട്ട ആൾ. മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ എന്നർത്ഥമാക്കുന്നത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിയുടെ ആശ്രിതരായ മകൻ/മകൾ/ഭാര്യ/ഭർത്താവ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന മരണപ്പെട്ട വ്യക്തിയുടെ, ആശ്രിതനായ മകൻ/മകൾ /ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ). പ്രസ്തുത **സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ.** സർട്ടിഫിക്കറ്റ്/ഡിപ്പന്റൻസി സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിൽ ആയിരിക്കേണ്ടതാണ്.

## സർട്ടിഫിക്കറ്റ്/ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്

ശ്രീ/ശ്രീമതി........................................................ (ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും) എന്ന ഉദ്യോഗാർത്ഥി ഉപജീവനത്തിനായി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന ആൾ ആണെന്ന്/അല്ലെങ്കിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന ശ്രീ/ശ്രീമതി........................ (പേര്)എന്ന ആളുടെ ആശ്രിതൻ/ആശ്രിത ആയ മകൻ/മകൾ, ഭാര്യ/ഭർത്താവ്ആണെന്ന്/അല്ലെങ്കിൽ മത്സ്യ ബന്ധനത്തിലേർപ്പെട്ടിരുന്ന ശ്രീ/ശ്രീമതി........................ (പേര്)എന്ന മരണപ്പെട്ട ആളുടെ മകൻ/മകൾ, ഭാര്യ/ഭർത്താവ്, അച്ഛൻ/അമ്മ ആണെന്ന് എന്റെ അന്വേഷണത്തിൽ ബോധ്യമായിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു. ( ആവശ്യമില്ലാത്തവ വെട്ടിക്കളയുക ).

ഒപ്പ് ,
പേര്
ഫിഷറീസ് ഓഫീസർ

സ്ഥലം:
തീയതി:

(ഓഫീസ് മുദ്ര)

## സാക്ഷ്യപത്രം

ശ്രീ/ശ്രീമതി........................................................ (ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും) നെ സംബന്ധിച്ച വിവരങ്ങൾ ഫിഷറീസ് ഓഫീസറിൽ നിന്നും ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ ടിയാൾ മത്സ്യത്തൊഴിലാളി ആണെന്ന് അല്ലെങ്കിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന ശ്രീ/ശ്രീമതി........................ (പേര്)എന്ന ആളുടെ ആശ്രിതൻ/ആശ്രിത ആയ മകൻ/മകൾ/ഭാര്യ/ഭർത്താവ്ആണെന്ന് അല്ലെങ്കിൽ മത്സ്യ ബന്ധനത്തിലേർപ്പെട്ടിരുന്ന ശ്രീ/ശ്രീമതി........................ (പേര്)എന്ന മരണപ്പെട്ട ആളുടെ മകൻ/മകൾ/ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ ആണെന്ന് എന്റെ അന്വേഷണത്തിൽ ബോധ്യമായിട്ടുള്ളതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. (ആവശ്യമില്ലാത്തവ വെട്ടികളയുക).

ഒപ്പ് ,
പേര്, ഉദ്യോഗപ്പേര്
(വില്ലേജ് ആഫീസർ / തഹസിൽദാർ

സ്ഥലം:
തീയതി:

(ഓഫീസ് മുദ്ര)

കുറിപ്പ് : 1) മത്സ്യത്തൊഴിലാളി – ഉപജീവനത്തിനായി മത്സ്യ ബന്ധനത്തിലേർപ്പെടുന്ന ആൾ

2) മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ എന്നതിനർത്ഥം മത്സ്യത്തൊഴിലാളിയുടെ പൂർണ്ണ ആശ്രിതരായ ഭാര്യ,ഭർത്താവ്,മകൻ,മകൾ,മകൻ അല്ലെങ്കിൽ മകൾ മരിച്ചുപോയ പിതാവ്/മാതാവ് എന്നാകുന്നു .

3) മേൽ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്കു വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ് .

### 9. അപേക്ഷ സമർപ്പിക്കേണ്ട വിധം

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in വഴി **"ഒറ്റത്തവണ രജിസ്ട്രേഷൻ"** പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User IDയും password-ഉം ഉപയോഗിച്ച് ലോഗിൻ ചെയ്തശേഷം സ്വന്തം പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്. ഒന്നിൽകൂടുതൽ പ്രൊഫൈലുകൾ സൃഷ്ടിക്കുന്നത് ഗുരുതരമായ കുറ്റവും, ആയത് അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതിന് കാരണമായതുമാണ്.ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന നോട്ടിഫിക്കേഷൻ ലിങ്കിലെ 'Apply Now' ൽ മാത്രം ക്ലിക്ക് ചെയ്യേണ്ടതാണ്.പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് Upload ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.ഫോട്ടോ സംബന്ധിച്ച് മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിനു മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷന് മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ

വിവരങ്ങൾ ഒഴിവാക്കാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/ print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ "My Applications" എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ/ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൌൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാതീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിലും നൽകുന്നതാണ്.
(സി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**10.** കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയുള്ള നിയമനവുമായി ബന്ധപ്പെട്ട പൊതു വ്യവസ്ഥകളിലെ 1,രണ്ടാം ഖണ്ഡികയിലെ iമുതൽ iv, vi, vii എന്നീ ഉപഖണ്ഡികകൾ, 7 മുതൽ 19, 22 മുതൽ 30 എന്നീ ഖണ്ഡികകൾ മാത്രം മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമാണ്.

**11.** അപേക്ഷ അയയ്ക്കേണ്ട വെബ് സൈറ്റ് മേൽവിലാസം : www.keralapsc.gov.in

**12.** അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : **02.09.2026** ബുധനാഴ്ച അർദ്ധരാത്രി വരെ.

13 **<u>ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ:</u>**

a) തെരഞ്ഞെടുപ്പിന്റെ ഏത് ഘട്ടത്തിലും അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ളയോഗ്യതയോ, മറ്റ് വസ്തുതകളോ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ അപ്‌ലോഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊഫൈൽ സന്ദേശം ലഭിക്കുന്നപക്ഷം അനുവദിക്കപ്പെട്ട സമയപരിധിക്കുള്ളിൽ തന്നെ അവ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം രേഖകൾ അപ്‌ലോഡ് ചെയ്യാത്ത ഉദ്യോഗാർത്ഥികളെതെരഞ്ഞെടുപ്പിന്റെ തുടർഘട്ടത്തിലേയ്ക്ക് പരിഗണിക്കുന്നതല്ല.

b) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/ സമുദായം എസ് എസ്എൽ സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമാണെങ്കിൽനോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് / ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

c) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയിഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

d) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച തെറ്റായ അവകാശവാദംഉന്നയിച്ച അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രോസിജിയർ റൂൾ 22 പ്രകാരംഏതൊരു ജോലിക്ക്അവർ അപേക്ഷിക്കുന്നുവോ അതിലേക്ക്പരിഗണിക്കപ്പെടുന്നതിനു അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ,എഴുത്തു പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ,അവരുടെ മേൽ നിയമനടപടികൾ എടുക്കുകയോ അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ടു കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്കനടപടികൾ/നിയമനടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേല്പറഞ്ഞ നടപടികളിൽ ഒന്നോ, അതിലധികമോ, എല്ലാമോ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

(ഫോട്ടോ, ഐ.ഡി. കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ വായിച്ചു നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ